**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഇടവ സ്റ്റേഡിയം റോഡിന് വീതി വർദ്ധിപ്പിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ ഇടവ സ്റ്റേഡിയം റോഡിന് വീതി വർദ്ധിപ്പിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | നിർമ്മാണത്തിലിരിക്കുന്ന ഇടവ സ്റ്റേഡിയത്തിന്റെ ഫയർ പ്ലാനിലും ബിൽഡിംഗ് പ്ലാനിലും നിർദ്ദിഷ്ട 6 മീറ്റർ വീതിയുള്ള റോഡ് നിർമ്മാണമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ആയതിന് ജലസേചന വകുപ്പിന്റെ ആസ്തിയിലുള്ള ചന്ദ്രനല്ലൂർ കനാലിന് മുകളിൽക്കൂടി റോഡ് നിർമ്മിക്കുന്നതിന് ഇരുവശമുള്ള സ്ഥലം ഉടമകളെ കണ്ടെത്തുകയും 01/09/2025 തീയതിയിൽ യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. പ്രസ്തുത നിർമ്മാണത്തിനായി ഈ റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ച് തരണമെന്ന് ആവശ്യപ്പെട്ട് 09/09/2025-ന് വർക്കല ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിന് കത്ത് നൽകിയിട്ടുണ്ട്. റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കൽ പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 (RFCTLARR Act - 2013)-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഫോം നമ്പർ 2-ൽ അർത്ഥന, പദ്ധതി പ്രദേശത്തിന്റെ കല്ല് നാട്ടിയുള്ള അലൈൻമെന്റ് സ്കെച്ച്, ഏരിയ ലിസ്റ്റ്, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള ഭരണാനുമതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പൊന്നുംവില ഓഫിസറായി ഡെപ്യൂട്ടി കളക്ടർ (എൽ.എ.) അല്ലെങ്കിൽ ബന്ധപ്പെട്ട സബ് ആഫീസുകളിലെ സ്പെഷ്യൽ തഹസിൽദാർമാരെയോ ജില്ലാ കളക്ടർ ചുതലപ്പെടുത്തുന്നു. തുടർന്ന്, നിർദ്ദിഷ്ട പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്. ഭൂമിയുടെ വാല്യുവേഷൻ നടപടികൾക്കായി വാല്യുവേഷൻ അസിസ്റ്റന്റ്, റവന്യൂ ഇൻസ്പെക്ടർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരുടെയും ഭൂമി സർവ്വേ ചെയ്തു നൽകുന്നതിന് സർവ്വേയറുടെയും ഏറ്റെടുക്കുന്ന ഭൂമിയുടെ സർവ്വേ |

| | | | |
|---|---|---|---|
| | | | സ്കെച്ച് അപ്രൂവ് ചെയ്തു നൽകുന്നതിന് ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ സേവനവും ആവശ്യമായി വരുന്നതാണ്. കൂടാതെ, ജില്ലാ കളക്ടർ നൽകുന്ന ശിപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ, പുനസ്ഥാപന പാക്കേജ് ലാൻഡ് റവന്യൂ കമ്മിഷണർ അംഗീകരിച്ച് ഉത്തരവാകുന്നു. ഇത്തരത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽ പരാമർശിച്ചിരിയ്ക്കുന്ന ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) | ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ